LIBRARY ARCHIVES Kerala Legislative Assembly

വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവുചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി)നമ്പർ 399/14 ധന.സ.ഉ.(പി) നമ്പർ 400/14/ധന.23-9-2014-ലെ സ.ഉ.(പി)നമ്പർ 409/14/ധന. 10-11-2014-ലെ സ.ഉ.(പി) നമ്പർ 482/14/ധന, 29-12-2014-ലെ സ.ഉ.(പി) നമ്പർ 583/14/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനുപകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ. പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ. ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013 ധന.നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ (പി) നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ.(പി)നമ്പർ 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

നികുതിയേതര വരുമാനം

164 (510) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നികുതിയേതര വരുമാനത്തിൽപ്പെട്ട ഫീസുകൾ, പിഴകൾ, വന ഉൽപ്പന്നങ്ങളുടെ വില, മണലിന്റെ വില എന്നിവ എത്ര തവണയായി, എത്ര ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി ;

(ബി) നികുതിയേതര വരുമാനത്തിലൂടെ 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുക എത്ര വീതമാണ് ; ഓരോ വർഷവും ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുക എത്ര ?

ഉത്തരം

(എ) 23-9-2014-ലെ 409/14/ധന ഉത്തരവ് പ്രകാരം ആരോഗ്യം, വിദ്യാഭ്യാസം, ഒഴികെ സർക്കാർ ഫീസുകൾ, ചാർജ്ജുകൾ മുതലായവ 15% മുതൽ 50% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി)

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ് (തുക കോടിയിൽ)	ലഭിച്ച തുക (തുക കോടിയിൽ)
2011-12	2530.94	2592.18
2012-13	3495.41	4198.51
2013-14	4921.57	5547.00 (എ.ജി.യുടെ താൽക്കാലിക കണക്ക്)
2014-15	6337.47	4613.33 (2015 ജനുവരി മാസം 31 വരെയുള്ള എ.ജി.-യുടെ താൽക്കാലിക കണക്ക്)

പങ്കാളിത്ത പെൻഷൻ ഇനത്തിൽ ശേഖരിച്ച തുക

165 (511) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും ഇതിനകം പങ്കാളിത്ത പെൻഷൻ ഇനത്തിൽ എത്ര തുക ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പങ്കാളിത്ത ഇനത്തിൽ സർക്കാർ എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ജീവനക്കാരിൽ നിന്ന് ശേഖരിച്ചതും സർക്കാർ പങ്കാളിത്തവും ചേർത്ത് ഇതിനകം എത്ര തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാന ട്രഷറിക്കു പുറമെ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly